I ഇ.ബി. XV - കേരള നിയമസഭ/IV-9

# പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 മാർച്ച് 16, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 280-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 280-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II അടിയന്തരപ്രമേയം

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

മി. സ്പീക്കർ: പൊതുവിതരണ സമ്പ്രദായത്തിന്റെ തകർച്ചയും

വിപണിയിലിടപെട്ട് വില നിയന്ത്രിക്കാത്തതിനാൽ നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയരുന്നതുമൂലവും ജനങ്ങൾക്കുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ബുദ്ധിമുട്ടും ആശങ്കയും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റോജി എം. ജോൺ, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): കേരളത്തിനാവശ്യമായ നിത്യോപയോഗ സാധനങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണ് വാങ്ങിവരുന്നത്. ഫലപ്രദമായ വിപണിയിടപെടൽ നിമിത്തം സംസ്ഥാനത്ത് നേരിയ തോതിൽ മാത്രമേ വിലക്കയറ്റമുണ്ടായിട്ടുള്ളൂ. സപ്ലൈകോ ഔട്ട്‌ലെറ്റുകൾ വഴി വിതരണം ചെയ്യുന്ന പതിമൂന്നിന നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. മുഴുവൻ കാർഡുടമകൾക്കും റേഷൻ കടകൾവഴി ചമ്പാവരി സൗജന്യ നിരക്കിൽ നൽകിവരുന്നുണ്ട്. 13 തവണകളിലായി സൗജന്യ കിറ്റ് വിതരണ ഇനത്തിൽ 6000 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യ അടുക്കള, ജനകീയ ഹോട്ടലുകൾ തുടങ്ങിയവ ഫലപ്രദമായി നടപ്പാക്കി.

<u>ശ്രീ. റോജി എം. ജോൺ:</u> രൂക്ഷമായ വിലക്കയറ്റവും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുമാണ് സംസ്ഥാനത്തെ ജനങ്ങൾ അനുഭവിക്കുന്നത്. കോവിഡ് മഹാമാരിയുടെയും മറ്റും പശ്ചാത്തലത്തിൽ സാധാരണക്കാരുടെ തൊഴിൽ നഷ്ടപ്പെടുകയും സംരംഭങ്ങൾ അടച്ചുപൂട്ടുകയും ചെറുകിടവ്യാപാര മേഖല പൂർണ്ണമായും തകരുകയും ചെയ്തു. നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നതിനാൽ ഭക്ഷണശാലകളുൾപ്പെടെയുള്ളവയുടെ പ്രവർത്തനം സ്തംഭനാവസ്ഥയിലാണ്. സപ്ലൈകോയിൽ പല ഉൽപ്പന്നങ്ങളും ലഭ്യമല്ലെന്നുമാത്രമല്ല, ലഭ്യമായിട്ടുള്ളവയുടെ ഗുണനിലവാരത്തെ സംബന്ധിച്ച് പരാതിയുമുണ്ട്. സർക്കാർ നടപടി സ്വീകരിക്കാത്തതിനാൽ ഇടനിലക്കാരുടെ പിന്തുണയോടെ മൊത്തവിതരണക്കാർ പൊതുവിപണിയിൽ വിലവർദ്ധനവുണ്ടാക്കുകയാണ്. റേഷൻ കടകളിൽനിന്നും യഥാസമയം ഉൽപ്പന്നങ്ങൾ ലഭിക്കാത്തതും സാങ്കേതികതകരാറുമൂലം ജനങ്ങൾക്ക് ദീർഘനേരം റേഷൻകടകൾക്കുമുന്നിൽ കാത്തുനിൽക്കേണ്ട സ്ഥിതിയുണ്ടാകുന്നതും ഖേദകരമാണ്. കാലിത്തീറ്റയുടെയും നിർമ്മാണ സാമഗ്രികളുടെയും വില ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണ്. ഇന്ധനവില ഇനിയും ഉയരുകയാണെങ്കിൽ പൊതുവിപണിയിൽ

നിത്യോപയോഗ സാധനങ്ങൾക്ക് വലിയ വിലവർദ്ധനയുണ്ടാകും. പൊതുവിപണിയിലെ വില വർദ്ധന തടയുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സപ്ലൈകോ ഔട്ട്ലെറ്റിൽനിന്നും ലഭിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ഗുണനിലവാരമില്ലെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. റേഷൻ കടകളിൽ പശ്ചാത്തല സൗകര്യവികസനം സാദ്ധ്യമാക്കാനും നിത്യോപയോഗ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാനും സാധിച്ചിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന നിയന്ത്രിക്കുന്നതിനും സുഭിക്ഷ ഹോട്ടലുകൾവഴി സൗജന്യ ഭക്ഷണം നൽകുന്നതിനും കുപ്പിവെള്ളത്തിന്റെ വില കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): കഴിഞ്ഞ മൂന്ന് മാസങ്ങൾക്കിടയിൽ പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില അമിതമായി വർദ്ധിച്ചിരിക്കുകയാണ്. പൊതു വിപണിയിലെ

വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. സപ്ലൈകോയ്ക്ക് സബ്സിഡി കൊടുക്കുന്നത് മാർക്കറ്റ് ഇന്റർവെൻഷൻ നടത്തി വില നിയന്ത്രിക്കാനാണ്. മഹാമാരിയും സാമ്പത്തികമാന്ദ്യവും പൊതു വിപണിയിലെ വിലക്കയറ്റം വർദ്ധിപ്പിച്ചിരിക്കുന്നു. വിലക്കയറ്റം താങ്ങാനാവാതെ ജനജീവിതം ദുരിതപൂർണ്ണമായി മാറിയിരിക്കുകയാണ്. ഫലപ്രദമായ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തി നിത്യോപയോഗ സാധനങ്ങൾക്ക് പൊതു വിപണിയിലുണ്ടായിരിക്കുന്ന വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണം.

## III ശ്രദ്ധക്ഷണിക്കൽ

### 1. കാർഷിക മേഖലയിൽ കാർബൺ ന്യൂട്രൽ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. എസ്. സുപാൽ: കേരളത്തിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി പ്രകൃതിക്ഷോഭങ്ങളും പ്രകൃതിദുരന്തങ്ങളും ആവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയാണ്.കാലാവസ്ഥാ വ്യതിയാനത്തിന് കാരണമാകുന്ന ഘടകങ്ങൾ പരമാവധി ഒഴിവാക്കുകയെന്നത് ഗൗരവമായി പരിഗണിക്കേണ്ടതാണ്. 2050-ഓടുകൂടി മിക്ക രാജ്യങ്ങളിലും കാർബൺ പുറന്തള്ളലും ആഗിരണവും ന്യൂട്രൽ ലെവലിലേയ്ക്ക് എത്തിക്കാവുന്ന പ്രവർത്തനങ്ങൾ നടത്തിവരികയാണ്. കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ

കാർബൺ ന്യൂട്രൽ കൃഷി രീതി നടപ്പാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്. കാർബൺ എമിഷൻ ഉണ്ടാക്കുന്ന ഘടകങ്ങൾ ഒഴിവാക്കി പരിസ്ഥിതി സൗഹാർദ്ദ കാർഷിക രീതി പ്രോത്സാഹിപ്പിക്കുന്ന നിലപാട് സ്വീകരിച്ച് കാർഷിക മേഖലയിൽ കാർബൺ ന്യൂട്രൽ എന്ന ആശയം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): കാർബൺ രഹിത കേരളം എന്ന ലക്ഷ്യത്തോടെ കാർബൺ ന്യൂലിത കാർഷിക രീതി അവലംബിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. മണ്ണ് പരിശോധനയിലൂടെ മണ്ണിലുള്ള കാർബണിന്റെ അളവ് തിട്ടപ്പെടുത്തുക, വളപ്രയോഗരീതിയിലും ജലസേചന രീതികളിലും മാറ്റം വരുത്തുക, സംയോജിത കൃഷിരീതി നടപ്പിലാക്കുക, കൃഷിഭൂമി തരിശിടുന്നത് ഒഴിവാക്കുക, ജൈവവേലി നിർമ്മിക്കുക തുടങ്ങിയവ കാർബൺ ന്യൂലിത കൃഷിരീതിയിലേയ്ക്ക് മാറുന്ന അടിസ്ഥാന പ്രവർത്തനങ്ങളാണ്. അനിയന്ത്രിതമായി മണ്ണിലേയ്ക്ക് പ്രവഹിപ്പിക്കുന്ന രാസവളങ്ങളും കീടനാശിനികളും കാർബൺ ബഹിർഗമനത്തിന് ആക്കം വർദ്ധിപ്പിക്കുന്നു. കാർബൺ ന്യൂലിത കൃഷി മെച്ചപ്പെട്ട ആരോഗ്യത്തിനും പാരിസ്ഥിതിക സന്തുലിതാവസ്ഥയ്ക്കും അടുത്ത തലമുറകളുടെ സുരക്ഷിതമായ നിലനിൽപ്പിനും

അത്യന്താപേക്ഷിതമായതിനാൽ ഈ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും സംസ്ഥാന/ജില്ല തലങ്ങളിൽ പ്രത്യേക സമിതി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. ആദ്യഘട്ടത്തിൽ ആലുവയിലെ സീഡ് ഫാമിനെ കാർബൺ ന്യൂട്രൽ കൃഷിയുടെ ഭാഗമായി മാറ്റുന്നതാണ്. വയനാട് ഒഴികെയുള്ള 13 ജില്ലകളിലും ഇക്കൊല്ലം തന്നെ കാർബൺ ന്യൂട്രൽ കൃഷി ആരംഭിക്കുന്നതാണ്. 140 നിയോജകമണ്ഡലങ്ങളിലും കാർബൺ ന്യൂട്രൽ കൃഷിയുടെ മാതൃകാതോട്ടങ്ങൾ ആരംഭിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ട്. ആദിവാസി മേഖലകളിലും എണ്ണപ്പന തോട്ടങ്ങളിലും ഫലപ്രദമായ രീതിയിൽ ഘട്ടംഘട്ടമായി പ്രസ്തുത കൃഷിരീതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്.

(2) ഗ്രാമീണ റോഡുകളുടെ നവീകരണം

ശ്രീ. സണ്ണി ജോസഫ്: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലുള്ള ഗ്രാമീണറോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നവീകരിക്കുന്നതിനും ഗ്രാമീണറോഡുകളുടെ വൺടൈം മെയിന്റനൻസിനായി ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ജില്ലാപാതകൾ കൂടുതൽ വികസിപ്പിക്കേണ്ടതിനാൽ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡുകളുടെ നിലവാരം ഉയർത്താനാണ് വകുപ്പ് മുൻഗണന നൽകുന്നത്. സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനംമൂലം പൊതുമരാമത്ത് റോഡുകൾക്കുണ്ടായ നാശനഷ്ടം വിലയിരുത്തി റോഡ് നിർമ്മാണം ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്. പൊതുമരാമത്ത് വകുപ്പിന്റെ പല നിർമ്മാണ പ്രവൃത്തികളും യഥാസമയം നടത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ റോഡുകൾ BM&BC (bituminous macadam bituminous concrete) നിലവാരത്തിൽ ഉയർത്തുന്നതിന് മുൻഗണന നൽകുന്നുണ്ട്. അഞ്ച് വർഷത്തിനുള്ളിൽ നിലവിൽ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡുകളിൽ 50 ശതമാനത്തോളം BM&BC നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതോടൊപ്പം ഗ്രാമീണ റോഡുകളും വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പിൽ എഞ്ചിനീയറിംഗ് വിഭാഗം രൂപീകരിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ പരിപാലിക്കുന്നതിനുള്ള ഫണ്ട് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് അനുവദിക്കുകയും ചെയ്യുന്നതിനാൽ ഡെപ്പോസിറ്റ് പ്രവൃത്തികളൊഴികെ

പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കേണ്ടതില്ലെന്ന നിർദ്ദേശമാണുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെകീഴിൽ വരുന്ന റോഡുകൾ ഏറ്റെടുത്ത് പുനരുദ്ധരിക്കുന്നതിനുള്ള നിരവധി അപേക്ഷകൾ ലഭിച്ച സാഹചര്യത്തിൽ കൂടുതൽ റോഡുകൾ ഏറ്റെടുത്ത് പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട് പരിശോധന നടത്തേണ്ടതുണ്ട്. എം.എൽ.എ.-മാരോ പഞ്ചായത്ത് പ്രസിഡന്റുമാരോ നിർദ്ദേശിക്കുന്ന ഗ്രാമീണ റോഡുകളുടെ വൺ ടൈം മെയിന്റനൻസിനായി ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## IV സബ്മിഷൻ

### (1) തിരുവനന്തപുരം ലാ കോളേജിലെ സംഘർഷം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): തിരുവനന്തപുരം ഗവൺമെന്റ് ലാ കോളേജിൽ യൂണിയൻ ഉദ്ഘാടനത്തോടനുബന്ധിച്ചുണ്ടായ സംഘർഷത്തിൽ പോലീസിന്റെ സാന്നിദ്ധ്യത്തിൽ കെ.എസ്.യു. പ്രവർത്തകരെ ആക്രമിച്ച എസ്.എഫ്.ഐ. പ്രവർത്തകർക്കെതിരെയും അക്രമത്തിൽ ഇടപെടാത്ത പോലീസിനെതിരെയും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): തിരുവനന്തപുരം ബാർട്ടൺഹിൽ ഗവൺമെന്റ് ലാ കോളേജിൽ യൂണിയൻ

ഉദ്ഘാടനത്തിനുശേഷം പിരിഞ്ഞുപോകാതെ ക്യാമ്പസിൽനിന്ന കെ.എസ്.യു., എസ്.എഫ്.ഐ പ്രവർത്തകർ തമ്മിൽ 15-03-2022-ന് രാത്രിയുണ്ടായ സംഘർഷത്തിൽ പരിക്കേറ്റ വിദ്യാർത്ഥികൾ തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിൽ ചികിത്സ തേടിയിട്ടുണ്ട്. പ്രസ്തുത വിഷയത്തിന്മേൽ 16-03-2022-ന് മ്യൂസിയം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. രണ്ട് വിദ്യാർത്ഥി സംഘടനകളിലുമുൾപ്പെട്ട വിദ്യാർത്ഥികൾക്ക് പരിക്കേറ്റതായാണ് പോലീസ് റിപ്പോർട്ട്. സംഭവവുമായി ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ മൊഴി ശേഖരിച്ച് കൂടുതൽ അന്വേഷണം നടത്തുന്നതാണ്. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് എതിർസംഘടനയിലെ പ്രവർത്തകർക്കെതിരെ മറുവിഭാഗവും പരാതി നൽകിയിട്ടുണ്ട്. ഇവിടെ ഉന്നയിച്ച പ്രശ്നങ്ങളിൽ ഗൗരവമായ നിയമനടപടി സ്വീകരിക്കുന്നതാണ്.

(മുഖ്യമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷമൊന്നടങ്കം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനകം തിരിച്ചുവരികയും ചെയ്തു)

## (2) <u>വേനൽക്കാലത്തുണ്ടാകുന്ന അഗ്നിബാധ</u>

<u>ശ്രീ. വി. ജോയി</u>: വേനൽക്കാലത്ത് ഗാർഹിക-വ്യവസായ-വാണിജ്യ

മേഖലകളിലും വനപ്രദേശങ്ങളിലുമുണ്ടാകുന്ന അഗ്നിബാധ തടയുന്നതിനും ജനങ്ങളിൽ ബോധവത്കരണം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വേനൽക്കാലത്ത് അശ്രദ്ധമായി മാലിന്യങ്ങൾ കത്തിക്കുന്നതിലൂടെയും വീടിനുള്ളിൽ ഉപയോഗിക്കുന്ന പാചകവാതക സിലിണ്ടറിന്റെ ചോർച്ച, വൈദ്യുതി ഷോർട്ട് സർക്യൂട്ട് എന്നിവമൂലവും അപകടങ്ങളുണ്ടാകാതിരിക്കാൻ മുൻകരുതലുകൾ സ്വീകരിക്കേണ്ടതുണ്ട്. 'ഗൃഹസുരക്ഷ' എന്ന പേരിൽ അഗ്നിരക്ഷാ വകുപ്പ് കുടുംബശ്രീ പ്രവർത്തകർക്ക് സുരക്ഷാ പരിശീലനം നൽകിവരുന്നതും സിവിൽ ഡിഫൻസ് വോളണ്ടിയർമാരുടെ സഹായത്തോടെ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നതുമാണ്. ഇലക്ട്രിക് ഷോർട്ട് സർക്യൂട്ടുമൂലമുണ്ടാകുന്ന തീപിടുത്തം തടയുന്നതിന് പഴക്കമുള്ള വയറിംഗുകളിലെ തകരാർ പരിഹരിക്കാൻ ഉടമസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. ഫ്ലാറ്റുകളിലും മറ്റ് പൊതു ഇടങ്ങളിലും വേണ്ടത്ര സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാണെന്നും അവ പ്രവർത്തനക്ഷമമാണെന്നും ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്. കെട്ടിടങ്ങളിൽ അഗ്നിബാധ ഒഴിവാക്കുന്നതിനായി മോക് ഡ്രിൽ, ഇവാക്വേഷൻ ഡ്രിൽ, സുരക്ഷാ ഓഡിറ്റ് എന്നിവയും സർക്കാർ/അർദ്ധ സർക്കാർ/സ്വകാര്യ ഓഫീസുകളിലെ ജീവനക്കാരിൽ

ബോധവത്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

(3) ഭൂമി കൈമാറ്റത്തിന് എൻ.ഒ.സി.

ശ്രീ. കെ. യു. ജനീഷ് കുമാർ: മലയോര മേഖലയിലെ വനാതിർത്തി പങ്കിടുന്ന ഭൂമിയുടെ കൈമാറ്റത്തിനാവശ്യമായ എൻ.ഒ.സി. നൽകുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കണം.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): 1908-ലെ രജിസ്ട്രേഷൻ ആക്ടിലെ വ്യവസ്ഥപ്രകാരം സർക്കാർ ഭൂമി കൈമാറ്റം ചെയ്യപ്പെടുന്നുവെന്ന് സംശയമുള്ള എല്ലാ ആധാരങ്ങൾക്കും എൻ.ഒ.സി. ആവശ്യപ്പെടാൻ അധികാരമുള്ളതാണ്. നിക്ഷിപ്ത വനമുൾപ്പെടുന്ന സർവ്വേ നമ്പരിലുള്ള ഭൂമിയുടെ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ വനം വകുപ്പിന്റെ എൻ.ഒ.സി. ഹാജരാക്കേണ്ടതാണെന്നും നിക്ഷിപ്ത വനഭൂമിയുള്ളതായി നോട്ടിഫൈ ചെയ്തിട്ടുള്ള പ്രദേശത്ത് അധികാരപരിധിയിലുള്ള സബ് രജിസ്ട്രാർ ഓഫീസുകൾക്ക് ആധാരം രജിസ്റ്ററാക്കുമ്പോൾ വനംവകുപ്പിന്റെ എൻ.ഒ.സി.-ക്കുപകരം ആധാരം രജിസ്റ്റർ ചെയ്യുന്ന ഭൂമി നോട്ടിഫൈ ചെയ്തിട്ടുള്ള നിക്ഷിപ്ത വനഭൂമിയിൽപ്പെടുന്നതല്ല എന്ന ഡിക്ലറേഷൻകൂടി നൽകിയാൽ മതിയാകുമെന്നും വനഭൂമിയോട് ചേർന്നുകിടക്കുന്ന സ്വകാര്യ സ്ഥലങ്ങൾക്ക് വനംവകുപ്പിൽനിന്നും എൻ.ഒ.സി. ലഭിച്ചതിനുശേഷം മാത്രമേ

വില്ലേജ് ഓഫീസർ കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകാവൂയെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മണ്ണാർകാട്, അഗളി സബ് രജിസ്ട്രാർമാർക്ക് മണ്ണാർകാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നൽകിയിരിക്കുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാകാം വനാതിർത്തിയോട് ചേർന്നുകിടക്കുന്ന സ്വകാര്യ ഭൂമി രജിസ്റ്റർ ചെയ്യുന്നതിനുമുമ്പ് വനംവകുപ്പിന്റെ നിരാക്ഷേപപത്രം ആവശ്യപ്പെടുന്നത്. വനഭൂമി അതിർത്തി പങ്കിടുന്ന സ്വകാര്യഭൂമി കൈമാറ്റം ചെയ്യുമ്പോൾ പാലിക്കേണ്ട നടപടിക്രമം സംബന്ധിച്ച വ്യക്തമായ നിർദ്ദേശത്തിന്റെ അഭാവത്താലും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർതലത്തിൽ പ്രത്യേക നിർദ്ദേശം പുറപ്പെടുവിക്കുന്ന സാഹചര്യത്തിലും ഏതൊക്കെ സാഹചര്യത്തിലാണ് എൻ.ഒ.സി. ഹാജരാക്കേണ്ടതെന്നും എൻ.ഒ.സി. നൽകുന്നതിനുള്ള നടപടിക്രമം, സമയപരിധി എന്നിവ സംബന്ധിച്ചും വനം-റവന്യൂ വകുപ്പുകൾ പരിശോധിച്ച് താമസംവിനാ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): വനം-രജിസ്ട്രേഷൻ വകുപ്പുകളുടെ സംയുക്ത യോഗം ചേർന്ന് ടി പ്രശ്നത്തിന് പരിഹാരം കാണാവുന്നതാണ്.

(4) മലയോരമേഖലയിലെ കർഷകരുടെ പ്രശ്നങ്ങൾ

ശ്രീ. പി. വി. അൻവർ: പോത്തുകല്ല്, ചുങ്കത്തറ മലയോര മേഖലയിലെ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): മലയോര മേഖലയിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 1978-ൽ 1917.484 ഹെക്ടർ വനഭൂമി കർഷകർക്ക് പതിച്ചുനൽകുന്നതിനായി റവന്യൂ വകുപ്പിന് കൈമാറിയെങ്കിലും 1194.38 ഹെക്ടർ ഭൂമിക്കു മാത്രമേ പട്ടയം അനുവദിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ബാക്കി ഭൂമിയിൽ കർഷകർ കൃഷി ആരംഭിച്ചുവെങ്കിലും കേന്ദ്ര വനാവകാശ നിയമം നിലവിൽ വന്നതിനാൽ പട്ടയം നൽകാൻ കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമായതിനാൽ നിലവിൽ ഈ ഭൂമി കയ്യേറ്റഭൂമിയായാണ് കണക്കാക്കുന്നത്. പട്ടയം അനുവദിക്കാത്ത റവന്യൂ വകുപ്പിന്റെ കൈവശമുള്ള നിക്ഷിപ്ത വനഭൂമി വനം വകുപ്പിന് കൈമാറാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി നിർദ്ദേശിച്ച സർവ്വേ നടപടികൾ പൂർത്തിയായാൽ മാത്രമേ മരങ്ങൾ മുറിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ തുടർനടപടി സ്വീകരിക്കാൻ കഴിയൂ. 1974 മുതൽ 1976 വരെയുള്ള സർവ്വേയുടെ സ്കെച്ച് പ്രകാരമാണ് ഇപ്പോൾ സർവ്വേ നടത്തുന്നത്. 1978-ൽ കൃഷിക്കായി അനുവദിച്ച ഭൂമി മേൽ

സ്കെച്ചിൽപ്പെട്ടതാണോയെന്ന് പരിശോധിക്കുന്നതിനായി ഒരു പ്രത്യേക ടീമിനെ നിയമിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(5) <u>ആൺ-പെൺ വിദ്യാലയങ്ങൾ എന്ന വേർതിരിവ് ഒഴിവാക്കൽ</u>

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u> : സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളെ ആൺ-പെൺ വിദ്യാലയങ്ങളെന്ന് വേർതിരിച്ചിരിക്കുന്നത് ഒഴിവാക്കാനും ബാലുശ്ശേരി ജി.ജി.എച്ച്.എസ്.എസ്.-ലെ ഹൈസ്കൂൾ വിഭാഗത്തിൽ ആൺകുട്ടികൾക്ക് പ്രവേശനം അനുവദിക്കാനുള്ള അപേക്ഷ പരിഗണിക്കാനും ബാലുശ്ശേരി ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളും ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളും ഒരു കോമ്പൗണ്ടിനുള്ളിൽ പ്രവർത്തിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): ആൺകുട്ടികൾക്ക് മാത്രം പ്രവേശനം നൽകിയിരുന്ന ബാലുശ്ശേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഇപ്പോൾ പെൺകുട്ടികൾക്കും പ്രവേശനം നൽകിവരുന്നുണ്ടെന്നും മിക്സഡ് സ്കൂൾ ആക്കിയാൽ പ്രസ്തുത സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിൽ കുറവുവരുന്നതിനും അത് അദ്ധ്യാപക തസ്തികകൾ കുറയുന്നതിനും അദ്ധ്യാപകരെ

പുനഃക്രമീകരിക്കേണ്ട സ്ഥിതിയുണ്ടാകുന്നതിനും കാരണമാകുമെന്നും അതിനാൽ ബാലുശ്ശേരി ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ ആൺകുട്ടികൾക്ക് പ്രവേശനം നൽകേണ്ട സാഹചര്യം നിലവിലില്ലെന്നുമാണ് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട്. എന്നാൽ താമരശ്ശേരി വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടിൽ ബാലുശ്ശേരി ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ ആൺകുട്ടികളെക്കൂടി പ്രവേശിപ്പിച്ചാൽ ഒറ്റ ചുറ്റുമതിൽ വ്യത്യാസത്തിൽ രണ്ട് സർക്കാർ സ്കൂളുകൾ അൺ-ഇക്കണോമിക്കായി പ്രവർത്തിക്കേണ്ട സാഹചര്യമുണ്ടാകുമോയെന്ന് പരിശോധിക്കേണ്ടതാണെന്നാണ് പറഞ്ഞിട്ടുള്ളത്. അതിനാൽ രണ്ട് സ്കൂളുകളും സംയോജിപ്പിച്ച് ഒറ്റ സ്കൂളായി പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെടുകയും പ്രസ്തുത റിപ്പോർട്ട് ലഭിച്ചശേഷം തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

### (6) സ്കൂളിന്റെ പുനർനാമകരണം

ശ്രീ. ഐ. ബി. സതീഷ്: കാട്ടാക്കട നിയോജകമണ്ഡലത്തിലെ ഊരൂട്ടമ്പലം ഗവൺമെന്റ് യു.പി.സ്കൂൾ, പഞ്ചമി യു.പി.സ്കൂൾ എന്ന് പുനർനാമകരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): കേരള വിദ്യാഭ്യാസ ചട്ടപ്രകാരം പി.റ്റി.എ.-യുടെയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും തീരുമാനങ്ങൾകൂടി പരിഗണിച്ചശേഷം ഊരൂട്ടമ്പലം ഗവൺമെന്റ് യു.പി. സ്കൂളിന്റെ പേര് മഹാത്മാ അയ്യങ്കാളി പഞ്ചമി മെമ്മോറിയൽ എന്ന് പുനർനാമകരണം ചെയ്യാനുള്ള നടപടി സ്വീകരിക്കാൻ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(7) മുദിയം പാലം നിർമ്മാണം

ശ്രീ. പി. അബ്ദുൽ ഹമീദ് : മുദിയം പാലം നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കേന്ദ്ര സർക്കാരിന്റെ 'ഭാരത്മാല പരിയോജന പദ്ധതി'യിൽ മുദിയം ബീച്ച് മുതൽ മധുര ബസാർ വരെയുള്ള 12 കിലോമീറ്റർ സ്ട്രെച്ച് ഉൾപ്പെട്ടിട്ടുണ്ട്. മുദിയം പാലംകൂടി ഉൾപ്പെടുന്ന സംസ്ഥാനത്തെ 11 പോർട്ട് കണക്ടിവിറ്റി റോഡുകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളിലേയ്ക്ക് കടക്കുന്നുവെന്ന് ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്. ആയതിനാൽ മുദിയം പാലത്തിന്റെ നിർമ്മാണം

യഥാസമയം പൂർത്തീകരിക്കാനാകുമെന്നാണ് കരുതുന്നത്.

(8) അഗ്രോ പാർക്ക്-കം-ഇന്റഗ്രേറ്റഡ് മാർക്കറ്റ്

ഡോ. മാത്യു കുഴൽനാടൻ: കാർഷികോല്പന്ന വിപണനം ലക്ഷ്യമിട്ട് രൂപീകരിച്ച മൂവാറ്റുപുഴയിലെ ഇ.ഇ.സി. മാർക്കറ്റിനെ അഗ്രോ പാർക്ക്-കം-ഇന്റഗ്രേറ്റഡ് മാർക്കറ്റായി പുനർരൂപകല്പന ചെയ്യണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കൃഷി വകുപ്പിന് കീഴിലുള്ള ഇ.ഇ.സി. മാർക്കറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി മൂവാറ്റുപുഴയിലെ ഇ.ഇ.സി. മാർക്കറ്റിൽ പാക്കിംഗും സർട്ടിഫിക്കേഷനും നടത്താനാകുമോ എന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിക്കുന്നതാണ്.

(9) ചോറ്റുപാറ-സത്രം റോഡ് നിർമ്മാണം

ശ്രീ. വാഴൂർ സോമൻ: കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കി ചോറ്റുപാറ-ഉളുപ്പൂണി-വണ്ടിപ്പെരിയാർ-സത്രം റോഡ് നിർമ്മാണം ആരംഭിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ചോറ്റുപാറ-ഉളുപ്പുണി-വണ്ടിപ്പെരിയാർ-സത്രം റോഡ് നിർമ്മാണത്തിന് 50 കോടി രൂപയുടെ ഭരണാനുമതി നൽകുകയും എസ്.പി.വി. ആയ കേരള റോഡ് ഫണ്ട് ബോർഡ് 101.52 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. പദ്ധതി പ്രദേശത്തിന്റെ ആദ്യത്തെ 5 കിലോ മീറ്റർ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതും 15 കിലോമീറ്റർ ദൂരം ജീപ്പ് യാത്രയ്ക്കുമാത്രമുതകുന്ന നിരത്തുമാണെന്ന റിപ്പോർട്ടാണ് ലഭിച്ചിട്ടുള്ളത്. പ്രദേശത്തെ ജനസാന്ദ്രതയും ട്രാഫിക്കും കണക്കിലെടുക്കുമ്പോൾ പരിസ്ഥിതിക്ക് കൂടുതൽ നാശനഷ്ടം വരുത്തി ഭീമമായ തുക ചെലവഴിച്ച് കിഫ്ബി മാനദണ്ഡപ്രകാരം നവീകരിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അതിനാൽ മറ്റ് സ്രോതസ്സിൽ നിന്നും ഫണ്ട് നൽകി പ്രസ്തുത റോഡ് നിർമ്മിക്കുന്നതാണ് ഉചിതം.

(10) പഴം-പച്ചക്കറി സംസ്കരണശാലയുടെ പ്രവർത്തനം

ശ്രീ. അനൂപ് ജേക്കബ്: ഇലഞ്ഞിയിലെ പഴം-പച്ചക്കറി സംസ്കരണശാലയുടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന ക്ഷമമാക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): പഴം-പച്ചക്കറികൾ ശീതീകരിച്ച് സൂക്ഷിക്കുന്നതിനായി എറണാകുളം ജില്ലയിലെ ഇലഞ്ഞിയിൽ ശീതീകരണ സംഭരണശാലയും നിർജ്ജലീകരണ യൂണിറ്റും സ്ഥാപിക്കുന്നതിന് 2014-ൽ നടപടികളാരംഭിച്ചെങ്കിലും പദ്ധതിയുടെ പൂർത്തീകരണത്തിനായി മുൻ എസ്റ്റിമേറ്റ് പ്രകാരം സമർപ്പിച്ച ബിൽ ഓഫ് ക്വാണ്ടിറ്റീസ് പര്യാപ്തമല്ലാത്തതിനാൽ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. 11.07 കോടി രൂപ ചെലവാക്കിയ ഈ പദ്ധതിക്ക് 5.38 കോടി രൂപ കൂടി ആവശ്യമാണ്. ശീതീകരണശാലയുടെ നിർമ്മാണം നടന്നുവരുന്നതും ട്രയൽ റൺ വിത്തൗട്ട് ലോഡ് നടത്തിയിട്ടുള്ളതുമാണ്. 30 ദിവസമെങ്കിലും തടസ്സംകൂടാതെ ട്രയൽ റൺ നടത്തിയെങ്കിൽ മാത്രമേ പ്ലാന്റ് പൂർണ്ണമായും പ്രവർത്തനക്ഷമമാക്കാൻ സാധിക്കുകയുള്ളൂ. അവിടെ സ്ഥാപിച്ചിട്ടുള്ള യന്ത്രോപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് അറ്റകുറ്റപ്പണികൾ ആവശ്യമാണ്. നിർജ്ജലീകരണ യൂണിറ്റിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ടി പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ചെയ്ത ജോലികൾ സംബന്ധിച്ച് പരിശോധന നടത്തുന്നതിന് നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട പ്രവൃത്തികൾ തുടരുന്നതാണ്.

## V മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടം (236(5), 236(6) എന്നിവ പ്രകാരമുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## VI റിപ്പോർട്ട് സമർപ്പണം

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒന്ന് മുതൽ പതിമൂന്ന് വരെയുള്ള റിപ്പോർട്ടുകളും പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റിയുടെ ഒന്ന് മുതൽ നാല് വരെയുള്ള റിപ്പോർട്ടുകളും സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഒന്ന് മുതൽ അഞ്ച് വരെയുള്ള റിപ്പോർട്ടുകളും മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ടും പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ടും സമർപ്പിച്ചു.

## VII ഗവൺമെന്റ് പ്രമേയം

എൽ.ഐ.സി.യെ പൊതുമേഖലയിൽ നിലനിർത്തേണ്ടതിന്റെ ആവശ്യകത

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): "പൊതുമേഖലയിൽ മികച്ച നിലയിൽ പ്രവർത്തിച്ചുവരുന്ന എൽ.ഐ.സി. അഞ്ചുകോടി രൂപ മുതൽമുടക്കിൽ 01-09-1956-നാണ് ആരംഭിച്ചത്. കണക്കുകൾപ്രകാരം എൽ.ഐ.സി.-യുടെ ആസ്തി 31-03-2021-ന് 38,04,610 കോടി രൂപയാണ്.

ഈ തുക കേന്ദ്ര സർക്കാരിന്റെ ഒരു വർഷത്തെ ആകെ ബഡ്ജറ്റ് എസ്റ്റിമേറ്റിന് തുല്യമാണ് എന്നത് എൽ.ഐ.സി.-യുടെ കരുത്തും വലിപ്പവും വ്യക്തമാക്കുന്നു. ആകെ വരുമാനത്തിൽനിന്നും എല്ലാ ചെലവുകളും നിറവേറ്റിക്കഴിഞ്ഞാൽ ശരാശരി നാലുലക്ഷം കോടി രൂപയോളം ഓരോ വർഷവും എൽ.ഐ.സി മിച്ചമുണ്ടാക്കുന്നു. ഈ പണമത്രയും നാടിന്റെ വികസന പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നത്. സമൂഹത്തിന് ഗുണകരമാകുന്നവിധം ഇതുവരെ എൽ.ഐ.സി നടത്തിയ നിക്ഷേപം 36,76,170.31 കോടി രൂപയാണ്. ഈ ബൃഹത്തായ വിഭവ സ്രോതസ്സാണ് എൽ.ഐ.സി.-യുടെ സ്വകാര്യവത്കരണത്തോടെ ഇല്ലാതാവുക.

പോളിസികളുടെ എണ്ണത്തിലും ക്ലെയിം തീർപ്പാക്കുന്നതിലെ മികവിലും ലോകത്തിലെതന്നെ മുൻനിര സ്ഥാപനമാണ് എൽ.ഐ.സി. പൊതുമേഖലാ സ്ഥാപനം എന്ന നിലയിൽ എപ്പോഴും എൽ.ഐ.സി.-യുടെ ഊന്നൽ പോളിസി ഉടമകളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിലാണ്. പോളിസി ഉടമകൾക്ക് ബോണസായി എൽ.ഐ.സി നൽകുന്നത് ലാഭത്തിന്റെ 95 ശതമാനമാണ്. ഇത് സ്വകാര്യ കമ്പനികൾ നൽകുന്നതിനേക്കാൾ ഉയർന്ന നിരക്കാണ്. എൽ.ഐ.സി.-യുടെ ഓഫീസുകളിൽ 24 ശതമാനവും ഗ്രാമീണ

മേഖലയിലാകുമ്പോൾ സ്വകാര്യ കമ്പനികളുടെ ഗ്രാമീണ സാന്നിധ്യം 3 ശതമാനമാണെന്നതും പ്രത്യേക പ്രാധാന്യമർഹിക്കുന്നു.

ഐ.പി.ഒ വഴി 5 ശതമാനം ഓഹരികൾ മാത്രമാണ് ഇപ്പോൾ വിൽക്കുന്നതെന്നും അത് സ്വകാര്യവൽക്കരണം അല്ലെന്നും പ്രചരിപ്പിച്ച് ഓഹരി വിൽപ്പനയെ ന്യായീകരിക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. എന്നാൽ, ഓഹരി വിൽപ്പന സ്വകാര്യവൽക്കരണത്തിന്റെ ആദ്യ ചുവടാണെന്നും സർക്കാരിന്റെ യഥാർത്ഥ ലക്ഷ്യം സ്വകാര്യവൽക്കരണമാണെന്നതും വ്യക്തമാണ്.

സ്വകാര്യ കമ്പനികളുടെ ചൂഷണത്തിൽനിന്നും ഓഹരി ഉടമകളെ സംരക്ഷിക്കുക, പിന്നോക്ക പ്രദേശങ്ങളിലും ദുർബല ജനവിഭാഗങ്ങളിലേയ്ക്കും ഇൻഷ്വറൻസ് പരിരക്ഷ എത്തിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് എൽ.ഐ.സി. ദേശസാൽക്കരിക്കപ്പെട്ടത്. ജനങ്ങളുടെ സമ്പാദ്യത്തെ നാടിന്റെ വികസനത്തിനുപയോഗിക്കുക എന്ന ലക്ഷ്യവും ഇതിനു പിന്നിലുണ്ടായിരുന്നു. ഈ കമ്പനിയെയാണ് സ്വകാര്യവൽക്കരിക്കുന്നതിന് പാർലമെന്റിൽപോലും വിശദമായ ചർച്ചയ്ക്കും പരിശോധനയ്ക്കും അവസരം നൽകാതെ ഫിനാൻസ് ബില്ലിലുൾപ്പെടുത്തി എൽ.ഐ.സി ആക്ട് കേന്ദ്ര സർക്കാർ ഭേദഗതി ചെയ്തത്.

നാടിന്റെ വികസനവും ജനങ്ങളുടെ ക്ഷേമവും ഉറപ്പാക്കുന്നതിൽ സ്തുത്യർഹമായ പങ്കുവഹിച്ചുവരുന്ന ഒരു സ്ഥാപനത്തെ സ്വകാര്യ നിക്ഷേപകരുടെ താൽപ്പര്യങ്ങൾക്ക് വിട്ടുകൊടുക്കുന്നത് നാടിനോ സമൂഹത്തിനോ ഗുണകരമല്ലെന്ന് ഈ സഭ വിലയിരുത്തുന്നു. അതുകൊണ്ടുതന്നെ, എൽ.ഐ.സി.-യുടെ ഓഹരി വിൽപ്പന നടപടിയിൽനിന്നും പിന്തിരിയണമെന്നും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനെ പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്നും കേന്ദ്ര സർക്കാരിനോട് ഈ സഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ ഭേദഗതി അവതരിപ്പിച്ചു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): പ്രമേയത്തെ അനുകൂലിക്കുന്നു. 29 കോടി ജനങ്ങൾക്ക് കാര്യക്ഷമമായ സേവനവും 13 ലക്ഷത്തിലേറെ പേർക്ക് തൊഴിലും നൽകുന്ന സ്ഥാപനമായ എൽ.ഐ.സി. രാഷ്ട്രത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ വഹിക്കുന്ന പങ്ക്

നിസ്സാരമാണ്. കേന്ദ്ര സർക്കാരിന് പ്രതിവർഷം 2500 കോടി രൂപ വാർഷിക ലാഭവിഹിതവും 10,000 കോടിയിലേറെ രൂപ നികുതിയായും എൽ.ഐ.സി നൽകുന്നുണ്ട്. അഞ്ച് ശതമാനം ഓഹരി വിൽപ്പനയാണെന്നുള്ള വ്യാജേന പൂർണ്ണമായ സ്വകാര്യവൽക്കരണത്തിലേയ്ക്കാണ് കേന്ദ്ര സർക്കാർ പോകുന്നത്. സ്വകാര്യ വിദേശ ഇൻഷ്വറൻസ് കമ്പനികളുമായി കിടപിടിക്കത്തക്ക പ്രാപ്തിയുള്ള സ്ഥാപനമാണിത്. എൽ.ഐ.സി.-യുടെ മാർക്കറ്റ് ഷെയർ ദുർബലപ്പെട്ടാൽ പകരംവരുന്ന സ്വകാര്യ ഇൻഷ്വറൻസ് കമ്പനികൾ അനാവശ്യമായ നിബന്ധനകളിലൂടെ ഇൻഷ്വറൻസ് തുക കൊടുക്കാതിരിക്കാനോ കുറയ്ക്കാനോ ശ്രമിക്കും. എൽ.ഐ.സി.-യെ തകർക്കാനുള്ള നീക്കത്തെ ശക്തമായി നേരിടണം. പ്രമേയം ഏകകണ്ഠമായി പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## VIII ധനകാര്യം

### 2022-2023 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച- തുടർച്ച

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ലോകസമാധാനത്തിനായി രണ്ട് കോടി രൂപ വകയിരുത്തിയതും ഗ്രാഫീൻ

പാർക്ക് ആരംഭിക്കുന്നതിനായി തുക വകയിരുത്തിയതും അഭിനന്ദനാർഹമാണ്. സംസ്ഥാനത്തിന്റെ വൈജ്ഞാനിക-സാമ്പത്തിക മേഖലകൾ ഉത്തേജിപ്പിക്കുന്നതിനും കാർഷിക സംസ്കൃതി വീണ്ടെടുക്കുന്നതിനും പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനുതകുന്ന ദീർഘകാല പദ്ധതികളാണ് ബഡ്ജറ്റിൽ വിഭാവന ചെയ്തിട്ടുള്ളത്. കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്താൻ മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കുമെന്ന പ്രഖ്യാപനവും ബേപ്പൂർ തുറമുഖ വികസനം, ഐ.ടി. പാർക്ക്, കോഴിക്കോട്-കണ്ണൂർ ഐ.ടി. ഇടനാഴി, കുറ്റ്യാടി നാളികേര പാർക്ക് തുടങ്ങിയ പ്രഖ്യാപനങ്ങളും സ്വാഗതാർഹമാണ്. കോഴിക്കോട് മെഡിക്കൽ കോളേജിന് പ്രത്യേക പരിഗണന നൽകുന്നതിനൊപ്പം കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് പുനരുദ്ധാരണത്തിനും കുറ്റ്യാടിപ്പുഴയുടെ തീരസംരക്ഷണത്തിനും തുക അനുവദിക്കണം. കാർഷിക സർവ്വകലാശാലയുടെ കണ്ടെത്തലുകൾ സാധാരണ കൃഷിക്കാർക്കുകൂടി പ്രാപ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കാർഷിക രംഗത്ത് സജീവമാക്കുകയും കുറ്റ്യാടി നിയോജകമണ്ഡലത്തിൽ കാർഷിക ഗവേഷണ കേന്ദ്രം സ്ഥാപിക്കുകയും വേണം.

<u>ശ്രീ. മാണി സി. കാപ്പൻ</u>: ബഡ്ജറ്റിനെ എതിർക്കുന്നു. യാഥാർത്ഥ്യബോധമില്ലാത്ത ബഡ്ജറ്റാണിത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സാധാരണക്കാർക്ക് കൈത്താങ്ങാകുന്ന പ്രഖ്യാപനങ്ങളുണ്ടാകാത്തത് പ്രതിഷേധാർഹമാണ്. ഉൽപ്പാദന-തൊഴിൽ മേഖലകളിലുണ്ടായ മാന്ദ്യവും നഷ്ടവും പരിഹരിക്കുന്നതിനും ജനങ്ങളുടെ ക്രയവിക്രയശേഷി വർദ്ധിപ്പിക്കുന്നതിനും ശ്രമമുണ്ടാകണം. റബ്ബറിന്റെ താങ്ങുവില 250 രൂപയാക്കുകയും ഉൽപ്പാദനവും ഉപഭോഗവും വിലയും വർദ്ധിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുകയും സബ്സിഡി വർദ്ധിപ്പിക്കുകയും വേണം. സാമൂഹ്യസുരക്ഷാ പെൻഷൻ വർദ്ധിപ്പിക്കാത്തത് ഖേദകരമാണ്. പാല നിയോജകമണ്ഡലത്തിന് ബഡ്ജറ്റിൽ അർഹമായ പരിഗണന നൽകണം. ആസ്തി വികസന ഫണ്ട് കാലാനുസൃതമായി വർദ്ധിപ്പിക്കുകയോ അഞ്ചുകോടി രൂപയായി പുനഃസ്ഥാപിക്കുകയോ വേണം. നിർദ്ദിഷ്ട രാമപുരം കുടിവെള്ള പദ്ധതിയും അരുണാപുരം റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണവും യാഥാർത്ഥ്യമാക്കണം.

<u>ശ്രീ. സജീവ് ജോസഫ്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞോയെന്ന് വിലയിരുത്തണം. റീബിൽഡ് കേരളയ്ക്കായി അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കുന്നതിനും പദ്ധതി

പൂർത്തീകരിക്കുന്നതിനും നടപടിയുണ്ടാകണം. റബ്ബർ സബ്സിഡി തുക 1000 കോടി രൂപയായും റബ്ബറിന്റെ താങ്ങുവില 250 രൂപയായും ഉയർത്തണം. കശുവണ്ടി, നാളികേരം തുടങ്ങിയ വിളകൾക്ക് ന്യായമായ തറവില നിശ്ചയിക്കുകയും നെല്ലിന്റെ സംഭരണ വില 35 രൂപയാക്കി വർദ്ധിപ്പിക്കുകയും വേണം. കാർഷിക കടാശ്വാസ കമ്മീഷൻ പ്രവർത്തനം സജീവമാക്കുന്നതിനും കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവർക്കും പരിക്കേൽക്കുന്നവർക്കുമുള്ള നഷ്ടപരിഹാരം വർദ്ധിപ്പിക്കുകയും ഇരിക്കൂർ മണ്ഡലത്തിലെ റോഡുകളും പാലങ്ങളും നവീകരിക്കാനാവശ്യമായ ഫണ്ട് അനുവദിക്കുകയും വേണം.

ശ്രീ. ജി. എസ്. ജയലാൽ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പൊതുവിതരണ മേഖല ശക്തിപ്പെടുത്തുന്നതിനായി ബഡ്ജറ്റിൽ 2063.64 കോടി രൂപ വകയിരുത്തിയ നടപടിയെ സ്വാഗതം ചെയ്യുന്നു. പരമ്പരാഗത വ്യവസായം, വിദ്യാഭ്യാസം, കൃഷി തുടങ്ങിയ എല്ലാ മേഖലകളിലും ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ട്. ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിനായി തുക മാറ്റിവച്ചതും കേരളത്തെ വൈജ്ഞാനിക സമൂഹമാക്കാൻ സ്വീകരിച്ച നടപടിയും പ്രശംസനീയമാണ്. സെന്റർ ഫോർ പ്രൈസ് റിസർച്ച് സ്ഥാപനം

ആരംഭിക്കാൻ തുക നീക്കിവച്ചതും റവന്യൂ, വില്ലേജ്, കൃഷി ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കാനും വീട് ഒരു വിപണി പദ്ധതി ആവിഷ്കരിക്കാനുമുള്ള നടപടിയും അഭിനന്ദനാർഹമാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ബഡ്ജറ്റിനെ എതിർക്കുന്നു. വഖഫ് ബോർഡ് നിയമനം പി.എസ്.സി.-ക്ക് വിട്ട നിലപാട് പുനഃപരിശോധിക്കണം. സംസ്ഥാനത്ത് കൂടുതൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണം. കെ-റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചർച്ചയിലൂടെ പരിഹരിക്കണം.

ശ്രീ. പ്രമോദ് നാരായൺ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ വായ്പയ്ക്ക് പകരം സംവിധാനവും അന്താരാഷ്ട്ര സ്കോളർഷിപ്പുകളും ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. മൂല്യവർദ്ധിത കാർഷിക മിഷൻ എന്ന ആശയം സ്വാഗതാർഹമാണ്. വന മേഖലയ്ക്കും വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനും കൂടുതൽ തുക അനുവദിക്കുന്നതിനും പ്രളയത്തിൽ തകർന്ന പത്തനംതിട്ട ജില്ലയ്ക്ക് പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിനും റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. അനൂപ് ജേക്കബ്: ബഡ്ജറ്റിനെ എതിർക്കുന്നു. ആഡംബര വാഹനങ്ങൾക്ക് നികുതി ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. കർഷകർക്കാവശ്യമായ ആശ്വാസ പദ്ധതികളൊന്നും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആശാവർക്കർമാരുടെ ഓണറേറിയവും ഇൻസെന്റീവും വർദ്ധിപ്പിക്കണം. ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത പരിഹരിക്കാൻ കഴിയണം. ബഡ്ജറ്റിൽ നിർദ്ദേശിക്കപ്പെടുന്ന വർക്കുകൾക്ക് മുൻഗണനാക്രമത്തിൽ അനുമതി നൽകാനും ആസ്തി വികസന ഫണ്ട് പുന:സ്ഥാപിക്കാനും നടപടി സ്വീകരിക്കണം.

ശ്രീമതി ഒ. എസ്. അംബിക: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കിഫ്ബി മുഖേന നടപ്പാക്കുന്ന പദ്ധതികളായ ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ആർദ്രം, ഗെയിൽ പൈപ്പ്ലൈൻ, ദേശീയപാതാ വികസനം, തീരദേശ മലയോര ഹൈവേ, വ്യവസായ ഇടനാഴി തുടങ്ങിയവയെല്ലാം യാഥാർത്ഥ്യമായിരിക്കുകയാണ്. വയനാട് തുരങ്കപാത, സിൽവർ ലൈൻ തുടങ്ങിയ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഔട്ടർ റിംഗ് റോഡിനുള്ള സ്ഥലമേറ്റെടുക്കാൻ 1000 കോടി രൂപ നീക്കിവയ്ക്കുകയും സർക്കാരിന്റെ നിരന്തര ശ്രമത്തിന്റെ

ഫലമായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യമേഖലയിൽ ഉണർവ്വുനൽകുന്ന നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുള്ളത്. നിർദ്ധന പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം ഒന്നേകാൽ ലക്ഷം രൂപയായി വർദ്ധിപ്പിച്ചതും പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പ്രീമെട്രിക്-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, അയ്യങ്കാളി മെമ്മോറിയൽ മോഡൽ റെസിഡൻഷ്യൽ സ്പോർട്ട് സ്കൂൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് മെസ്സ് അലവൻസ് വർദ്ധിപ്പിച്ച നടപടിയും സ്വാഗതാർഹമാണ്. കേരള നോളജ് ഇക്കോണമി മിഷനുമായി ഏകോപിപ്പിച്ച് പട്ടികജാതി യുവാക്കൾക്ക് പരിശീലനം, തൊഴിൽ, മാനവശേഷി വികസനം എന്നിവയ്ക്കായി 49 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സാങ്കേതിക വൈദഗ്ദ്ധ്യം നേടിയ പട്ടികജാതി യുവതീയുവാക്കളെ അക്രെഡിറ്റഡ് എഞ്ചിനീയർ അല്ലെങ്കിൽ ഓവർസിയർമാരായി രണ്ട് വർഷം കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നിർദ്ദേശത്തെ സ്വാഗതം ചെയ്യുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ വികസനത്തിനുതകുന്ന ദീർഘവീക്ഷണത്തോടെയുള്ള

പദ്ധതികളാണ് ബഡ്ജറ്റിലുള്ളത്.

ശ്രീ. തോമസ് കെ. തോമസ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കുട്ടനാടിന് വേണ്ടത്ര പരിഗണന ബഡ്ജറ്റിൽ നൽകിയിട്ടുണ്ട്. സിൽവർ ലൈൻ പദ്ധതിക്ക് 2000 കോടി രൂപ നീക്കിവച്ചതും കാർഷികമേഖലയ്ക്ക് ഉണർവ് നൽകാനും തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാനുമുള്ള നിർദ്ദേശങ്ങളെയും സ്വാഗതം ചെയ്യുന്നു. കെ-ഫോൺ, എ.സി. റോഡ് നവീകരണം എന്നിവയിൽ സ്വീകരിച്ച നടപടികൾ പ്രശംസനീയമാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. നവകേരളത്തിന്റെ കുതിപ്പിന് പുതുതലമുറയുടെ വിജ്ഞാനസമ്പത്തിനെ ഊർജ്ജമാക്കി മാറ്റുന്നതിനും നോളജ് മിഷൻ വഴി നൈപുണ്യ പരിശീലനം നൽകി തൊഴിൽ കമ്പോളത്തിൽ വിപ്ലവം സൃഷ്ടിക്കുന്നതിനും ഫണ്ട് നീക്കിവച്ചിട്ടുള്ള നടപടിയും യുവസംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി 10000 സ്റ്റാർട്ടപ്പുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. മൈക്രോബയോം ഗവേഷണവും രോഗപ്രതിരോധത്തിനും രോഗചികിത്സയ്ക്കും സഹായമാകുന്ന ന്യൂട്രാസ്യൂട്ടിക്കൽ വിജ്ഞാനമേഖലയും ഗ്രാഫീനുമായി ബന്ധപ്പെട്ട പഠനമേഖലയും ബഡ്ജറ്റിൽ ഇടംപിടിച്ചത് പ്രശംസനീയമാണ്. കാർഷികമേഖലയിൽ ശക്തമായ ഇടപെടലാണ് ഈ ബഡ്ജറ്റിലൂടെ

നടത്തിയിട്ടുള്ളത്. 'നിറ' പദ്ധതിയിൽപ്പെടുത്തി പൊതുകുളങ്ങൾ നവീകരിക്കാൻ ഫണ്ട് അനുവദിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ബഡ്ജറ്റിനെ എതിർക്കുന്നു. തനത് വരുമാനത്തിലും നികുതിയേതര വരുമാനത്തിലും കുറവുണ്ടായിട്ടുള്ളതുമൂലം പരിതാപകരമായ സാമ്പത്തിക അവസ്ഥയിലാണ് സംസ്ഥാനം നിലനിൽക്കുന്നത്. കിഫ്ബിയുടെ ധനസമാഹരണത്തിനായാണ് രണ്ട് ലക്ഷം രൂപ വരെ വിലയുള്ള മോട്ടോർ വാഹനങ്ങളുടെ നികുതി വർദ്ധിപ്പിക്കുന്നത്. 2021-22-ലെ പുതുക്കിയ ബഡ്ജറ്റിൽ ആരോഗ്യമേഖലയ്ക്കായി എം.എൽ.എ. ഫണ്ടിൽനിന്ന് മാറ്റിവച്ചതിൽ ബാക്കിയുള്ള തുക തിരിച്ചു നൽകാനുള്ള നടപടി സ്വീകരിക്കണം. പദ്ധതിവിഹിതം ചെലവഴിക്കുന്നതിൽ ഗുരുതര വീഴ്ചയാണുണ്ടായിരിക്കുന്നത്. നികുതി പിരിവിനായി കൊണ്ടുവന്ന ആംനസ്റ്റി പദ്ധതി പ്രായോഗികമല്ല. വാറ്റിനുവേണ്ടി രൂപീകരിച്ച നികുതി സംവിധാനം ജി.എസ്.ടി.-ക്ക് അനുകൂലമാക്കി മാറ്റണം. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ഗവൺമെന്റ് പരാജയമാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ബഡ്ജറ്റ് ചർച്ചയിൽ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും മുന്നോട്ടുവച്ച അംഗങ്ങൾക്ക് നന്ദി

രേഖപ്പെടുത്തുന്നു. വിമർശനങ്ങളും പുതിയ നിർദ്ദേശങ്ങളുമാണ് സംസ്ഥാനത്തിന് മുന്നോട്ടുപോകാൻ സഹായകരമാകുന്നത്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഒരുമിച്ച് നിന്നാൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിക്കും. വിലക്കയറ്റം നേരിടാൻ കൂടുതൽ തുക വകയിരുത്തേണ്ടതുണ്ട്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗവേഷണ ഫലങ്ങൾ സംസ്ഥാനത്തിന് ഗുണകരമാകുന്ന രീതിയിൽ ഉപയോഗപ്പെടുത്തുന്നതോടൊപ്പം ട്രാൻസ്ലേഷണൽ ലാബും ആരംഭിക്കണം. മൂല്യവർദ്ധിത ഉൽപ്പാദനവും ആഭ്യന്തര വരുമാനവും വർദ്ധിപ്പിക്കാൻ സാധിക്കണം. ശാസ്ത്രസാങ്കേതിക മേഖലയിലെ സാദ്ധ്യതകൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് സയൻസ് പാർക്കുകൾ സ്ഥാപിക്കുന്നതാണ്. കേരളത്തിന്റെ തനത് വിഭവങ്ങൾ ഉൽപ്പാദിപ്പിക്കാനും വിപണനം ചെയ്യാനും സൗകര്യമുള്ള ഫുഡ് പ്രോസസ്സിംഗ് പാർക്കുകൾ ആരംഭിക്കുന്നതാണ്. വിദേശത്ത് തൊഴിൽ തേടി പോകുന്ന യുവാക്കളെ സംസ്ഥാനത്തുതന്നെ നിലനിർത്താൻ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. ഈ വർഷം സംസ്ഥാനത്തിന് തനത് നികുതി വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കടബാദ്ധ്യതയുടെ ശരാശരി വളർച്ചാനിരക്കിന് ആനുപാതികമായി മൂലധനച്ചെലവും വർദ്ധിച്ചിട്ടുണ്ട്.

കാർഷികമേഖലയിൽ കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികൾക്ക് മുൻവർഷത്തേക്കാൾ കൂടുതൽ തുകയും പ്രവാസികാര്യ വകുപ്പിനും നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ഫണ്ട് ബോർഡിനും ആവശ്യമായ തുകയും വകയിരുത്തിയിട്ടുണ്ട്. റഷ്യ-യുക്രൈൻ സംഘർഷത്തിന്റെ ഭാഗമായി നാട്ടിലേയ്ക്ക് വന്ന വിദ്യാർത്ഥികളുടെ തുടർപഠനം സാദ്ധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കാസർഗോഡ്-ഇടുക്കി-വയനാട് പാക്കേജുകൾക്കായി വിവിധ പദ്ധതികളോടൊപ്പമാണ് തുക വകയിരുത്തിയിട്ടുള്ളത്. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്ക് നടപ്പുവർഷം 100 കോടി രൂപ വകയിരുത്തിയ 98.68 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് നടപ്പുവർഷം 526 കോടി രൂപ വകയിരുത്തിയതിൽ 417 കോടി രൂപ ചെലവാക്കുകയും 2022-23 വർഷം 567.44 കോടി രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യക്ഷേമ പദ്ധതിയിൽ 3,74,514 പേർ പുതിയതായി അംഗങ്ങളായിട്ടുള്ളതും അനർഹമായി കൈപ്പറ്റിയ 154.6 കോടി രൂപ തിരിച്ചുപിടിച്ചിട്ടുള്ളതും ദുരുപയോഗം തടയാൻ കർശന നടപടി സ്വീകരിക്കുന്നതുമാണ്. കശുവണ്ടി മേഖലയിൽ 30 കോടി രൂപയുടെ പുനരുജ്ജീവന പാക്കേജ് നടപ്പാക്കുന്നതാണ്. എം.എൽ.എ. ആസ്തി

വികസന ഫണ്ട് 5 കോടി രൂപയായി പുനഃസ്ഥാപിക്കുന്നതാണ്. പോലീസ് സ്റ്റേഷനുകളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിന് 10 കോടി രൂപയും തിരുവനന്തപുരത്ത് ഫോറൻസിക് സയൻസ് ശക്തിപ്പെടുത്തുന്നതിനും ഡ്രോൺ റിസർച്ച് നടത്തുന്നതിനുമായി 2 കോടി രൂപയും പോലീസ് ഡാറ്റാ സെന്ററിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 4 കോടി രൂപയും അനുവദിക്കുന്നു. ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ വസതി ഏറ്റെടുത്ത് ലാ ആൻഡ് ജസ്റ്റിസിൽ ഗവേഷണ പഠനകേന്ദ്രം ആരംഭിക്കുന്നതിന് ഒരു കോടി രൂപയും മഹാകവി അക്കിത്തത്തിന്റെ പേരിലുള്ള പഠന കേന്ദ്രത്തിന് ഒരു കോടി രൂപയും കൊച്ചി സർവ്വകലാശാലയിൽ ആരംഭിച്ചിട്ടുള്ള പ്രൊഫ. എൻ. ആർ. മാധവ മേനോൻ ഇന്റർഡിസിപ്ലിനറി സെന്റർ ഫോർ റിസർച്ചിനുവേണ്ടി ഒരു കോടി രൂപയും കേരള സർവ്വകലാശാല ബോട്ടണി വിഭാഗത്തിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോ ഡൈവേഴ്സിറ്റി കൺസർവേഷന് 50 ലക്ഷം രൂപയും ശിവഗിരി കൺവെൻഷൻ സെന്റർ പൂർത്തിയാക്കുന്നതിന് 5 കോടി രൂപയും മഹാകവി മോയീൻകുട്ടി വൈദ്യർ മാപ്പിളകല അക്കാദമിയുടെ വികസനത്തിന് അധികമായി 25 ലക്ഷം രൂപയും മലയാളം സർവ്വകലാശാലയിൽ വള്ളത്തോൾ ചെയർ സ്ഥാപിക്കുന്നതിന് 10 ലക്ഷം

രൂപയും വകയിരുത്തുന്നതാണ്. കതിരൂർ കളരി അക്കാഡമി, തെയ്യം കലാ അക്കാഡമി എന്നിവ ആരംഭിക്കുന്നതിന് സഹായമനുവദിക്കുന്നതാണ്. കൊടകര ബ്ലോക്കിൽ 'ഷീ വർക്ക് സ്പെയ്സ്' സ്കീം, അരുവിക്കരയിൽ ആദിവാസി വിഭാഗത്തെ ഉൾപ്പെടുത്തിയുള്ള വനിതാ വരുമാനദായക വ്യവസായ യൂണിറ്റ്, ആലത്തൂരിൽ 'നിറ' പദ്ധതി എന്നിവയ്ക്ക് ഒരു കോടി രൂപ വീതവും ചാലിയാർ, അച്ചൻകോവിലാർ, ഭാരതപ്പുഴ, പെരിയാർ തുടങ്ങിയ നദികളുടെ സംരക്ഷണത്തിനും ശുചീകരണത്തിനും 10 കോടി രൂപയും കൃഷി പരിശോധന സർട്ടിഫിക്കേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് 5 കോടി രൂപയും വകയിരുത്തുന്നു. വന്യമൃഗ ആക്രമണങ്ങളിൽ പരിക്കേൽക്കുന്നവർക്കുള്ള തുക 10 കോടി രൂപയായി ഉയർത്തുന്നു. ഭിന്നശേഷി/ഓട്ടിസം ബാധിച്ചവർക്കുള്ള അസിസ്റ്റീവ് വില്ലേജ് പദ്ധതിക്ക് 2 കോടി രൂപ അധികം വകയിരുത്തുന്നു. മഞ്ചേരി മെഡിക്കൽ കോളേജിൽ കാൻസർ ചികിത്സയ്ക്കുള്ള സൗകര്യമൊരുക്കുന്നതാണ്. ഗ്രാമീണ കളിക്കളത്തിന് 5 കോടി രൂപ അധികമായി നീക്കിവയ്ക്കുന്നു. അഴീക്കോട് തുറമുഖ വികസനത്തിന് 5 കോടി രൂപയും എം.എൻ. ഭവന പദ്ധതിയിലെ ഇരട്ടവീടുകൾ ഒറ്റവീടാക്കുന്ന പദ്ധതിക്ക് പ്രാഥമികമായി 5 കോടി രൂപയും ഇറിഗേഷൻ/ഹൈഡൽ ടൂറിസം പദ്ധതികൾക്കായി 2 കോടി രൂപയും

നാഷണൽ ഹൗസ് പാർക്ക് ആരംഭിക്കുന്നതിന് 2 കോടി രൂപയും വകയിരുത്തുന്നു. തൃശ്ശൂർ നഗരത്തിന്റെ വികസനത്തിനാവശ്യമായ പദ്ധതികൾ നടപ്പാക്കും. നാല് വർഷംകൊണ്ട് ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കി രേഖകൾ തയ്യാറാക്കുന്നതും ആദ്യഘട്ട സർവ്വേ ഈ വർഷം ആരംഭിക്കുന്നതുമാണ്. പൊതുജനങ്ങൾക്ക് വിവിധ സേവനങ്ങൾ ഒരു പോർട്ടലിലൂടെ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ പേൾ, റെലിസ്, ഇ-മാപ്പ് എന്നീ സോഫ്റ്റ്വെയറുകൾ സംയോജിപ്പിച്ച് ഇന്റഗ്രേറ്റഡ് സർവ്വീസ് ഇ-പോർട്ടൽ നടപ്പിലാക്കുന്നതിന് 807.98 കോടി രൂപ അനുവദിച്ചിട്ടുള്ളതും ആദ്യഘട്ടമായി 339.43 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതുമാണ്. പട്ടയങ്ങൾ ഡിജിറ്റലാക്കുന്ന സമഗ്ര പദ്ധതിക്ക് തുടക്കം കുറിക്കുന്നതാണ്. ആശ്വാസ കിരണം പദ്ധതി മുഖേന 96,086 ഗുണഭോക്താക്കൾക്ക് 39.65 കോടി രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്. സഹകരണ മേഖലയുമായി ബന്ധപ്പെട്ട് കാർഷിക സബ്സിഡി വിതരണത്തിൽ നിലവിലെ രീതി തുടരുന്നതും ഡീസൽ ഓട്ടോറിക്ഷകളെ ഹരിത നികുതിയിൽനിന്ന് ഒഴിവാക്കുന്നതുമാണ്. അടിസ്ഥാന ഭൂനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നികുതിയിനത്തിൽ അടുത്ത വർഷം 11,000 കോടി രൂപയുടെ വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്.

നികുതി സംവിധാനം കാര്യക്ഷമമാക്കുന്നതിനായി ഇന്റലിജൻസും ഓഡിറ്റിംഗുമടക്കമുള്ള പുതിയ സംവിധാനവും ലോട്ടറി മാതൃകയിൽ ലക്കി ബിൽ സ്കീമും ഉടൻ പ്രാബല്യത്തിൽ കൊണ്ടുവരുന്നതാണ്. വ്യാപാരികൾക്ക് പലിശ സബ്സിഡി നൽകുന്നതിനുള്ള സ്കീം നടപ്പിലാക്കുന്നതാണ്. ബഡ്ജറ്റ് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## IX പ്രമേയം

<u>ചട്ടം 236(2) സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച്</u>

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>) : 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേൽ സബ്ജക്ട് കമ്മിറ്റികൾ നടത്തേണ്ട സൂക്ഷ്മ പരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് സബ്ജക്ട് കമ്മിറ്റികൾക്ക് പ്രസ്തുത കൃത്യം നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിലെ 2-ാം ഉപചട്ടം അടുത്ത സമ്മേളനത്തിന്റെ പ്രാരംഭം വരെ സസ്പെന്റ് ചെയ്യണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

സഭ ഉച്ചയ്ക്ക് ശേഷം 3.34-ന് പിരിഞ്ഞു.

******